## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.712** | **03/12/2014-ൽ മറുപടിക്ക്**

## മെഡിക്കൽ കോർപ്പറേഷന്റെ അനാസ്ഥ

**ചോദ്യം** | **മറുപടി**

**ശ്രീ. വി. ശിവൻകുട്ടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോർപ്പറേഷന്റെ പിടിപ്പുകേടുമൂലം അവശ്യമരുന്നുകളുടെ വിതരണം താറുമാറായതിന് പുറമെ, എക്സ്റേ, ഇ.സി.ജി. തുടങ്ങിയവയ്ക്ക് ചാർജ് വർദ്ധിപ്പിക്കാൻ അനുമതി കൊടുത്തതു മൂലം രോഗികൾക്ക് ഇരട്ട പ്രഹരമാണ് ഉണ്ടായതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ടെണ്ടറിൽ വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾ, വിതരണത്തിൽ വീഴ്ച വരുത്തിയ മരുന്നുകൾ എന്നിവയുടെ വിതരണത്തിൽ നേരിയ കാലതാമസം നേരിടുവാൻ കാരണമായിട്ടുണ്ട്. മറ്റു മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ യഥാസമയം തന്നെ വിതരണം നടത്തിയിട്ടുണ്ട്. വിതരണക്കാരെ ലഭിക്കാത്ത മരുന്നുകളും കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മറ്റ് അവശ്യമരുന്നുകളും ആശുപത്രി തലത്തിൽ തന്നെ ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. എക്സ്റേ, ഇ.സി.ജി. എന്നിവയുടെ ചാർജ്ജ് തീരുമാനിക്കുന്നത് അതാത് ആശുപത്രികളിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളാണ്. |
| (ബി) | സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ രോഗികളിൽ നിന്നും വർദ്ധിപ്പിച്ച ഫീസ് ഈടാക്കാൻ ആശുപത്രി വികസന സമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ബി) | ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശമൊന്നും ആരോഗ്യ വകുപ്പിൽ നിന്ന് നൽകിയിട്ടില്ല. കൂടാതെ ആർ.ബി.എസ്സ്.കെ., ജെ.എസ്സ്.എസ്സ്.കെ., ആരോഗ്യ കിരണം എന്നീ പദ്ധതികളുടെ പരിധിയിൽ വരുന്ന രോഗികൾക്ക് എല്ലാ പരിശോധനയും സൗജന്യമാണ്. |

സെക്ഷൻ ഓഫീസർ